# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1074 11/02/2016-ൽ മറുപടിയ്ക്ക്**

**<u>യു.പി സ്കൂൾ അസിസ്റ്റന്റ് നിയമനം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിൽ യു.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തിക നിർണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; തീയതി സഹിതം വിശദാംശം നൽകുമോ; അതനുസരിച്ച് അദ്ധ്യാപകരെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ; പ്രസ്തുത തസ്തികയിലേക്ക് ടി കാലയളവിലേക്കുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരും എന്ന് അറിയിക്കാമോ; | എ) 29/01/2016-ലെ സ.ഉ (പി) നം.29/16/പൊ.വി സർക്കാർ ഉത്തരവിൽ തസ്തിക നിർണ്ണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ വഴി ജില്ലയിലെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു. |
| ബി) യു.പി സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 02/01/2015-ന് ശേഷം നേരിട്ടോ, ബൈട്രാൻസ്ഫർ മുഖേനയോ പ്രൊമോഷൻ മുഖേനയോ നിയമനം നടത്തിയിട്ടുണ്ടോ; | ബി) ഇല്ല. |
| സി) പ്രസ്തുത ഓഫീസിൽ 02/01/2015-ന് റിപ്പോർട്ട് ലഭ്യമാക്കിയ എൻ.ജെ.ഡി (മുസ്ലീം) ഒഴിവ് നികത്തുന്ന കാര്യത്തിൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | സി) 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നിലവിൽ 136 അദ്ധ്യാപകർ തസ്തിക നഷ്ടപ്പെട്ട് അധികമായി നിലനിൽക്കുന്നുണ്ട്. ഇക്കാരണത്താലാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം വൈകുന്നത്. |

| | | | |
|---|---|---|---|
| ഡി) | 2014-15-ലെ തസ്തിക നിർണ്ണയം നടത്തുന്നതിന് മുമ്പ് നിലവിലിരുന്ന മുസ്ലീം സംവരണ ഒഴിവ് നികത്തുന്നത് തടഞ്ഞുകൊണ്ട് ഏതെങ്കിലും നിയമങ്ങളോ, ചട്ടങ്ങളോ, കോടതി ഉത്തരവുകളോ, സർക്കുലറുകളോ, ഓഫീസ് ഓർഡറോ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | ഡി) | നിയമനം തടഞ്ഞുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല. |
| ഇ) | ഇല്ലെങ്കിൽ 02/01/2015-ന് തിരുവനന്തപുരം ഡി.ഡി.ഇ ഓഫീസിൽ ലഭ്യമായ DTB (2) 927/09 തീയതി 26/12/2014-ലെ നിയമന ശിപാർശ പ്രകാരം ടി ഉദ്യോഗാർത്ഥിയുടെ നിയമനം തടഞ്ഞുവച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ്. വിശദാംശം നൽകുമോ; | ഇ) | 2014-15-ന് മുമ്പ് നിലവിലുണ്ടായിരുന്ന ഒഴിവ് 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് നിയമനം നൽകാൻ സാധിക്കാഞ്ഞത്. |
| എഫ്) | എങ്കിൽ ടി ഉദ്യോഗാർത്ഥിക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയും എന്നറിയിക്കാമോ? | എഫ്) | 29/01/2016-ലെ സ. ഉ (പി) നമ്പർ 29/2016/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ